എ.വൈ.ആർ

സൂറ-10

# യൂനുസ്

65 പ്രവാചകാ, ഈ ജനത്തിന്റെ വർത്തമാനങ്ങൾ കേട്ട് ദുഃഖിക്കരുത്. പ്രതാപമൊക്കെയും അല്ലാഹുവിന്നുമാത്രമുള്ളതാകുന്നു. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

66 അറിയുവിൻ! വാനലോകത്തും ഭൂമിയിലുമുള്ളവരൊക്കെയും അല്ലാഹുവിന്റെ അടിമകളാകുന്നു. അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവർ അവന്റെ പങ്കാളികളെ പിന്തുടരുന്നില്ല. അവർ പിന്തുടരുന്നത് കേവലം ഭാവനകളെയാകുന്നു. സങ്കൽപങ്ങൾ മെനയുകമാത്രമാണവർ.

67 അവനാകുന്നു രാവിനെ, അതിൽ നിങ്ങൾ ശാന്തി നേടാനും പകലിനെ കാഴ്ച നൽകാനും നിങ്ങൾക്കു നിശ്ചയിച്ചുതന്നത്. ശ്രദ്ധിച്ചു കേൾക്കുന്ന ജനത്തിന് അതിൽ തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.

68 അല്ലാഹു സന്തതികളെ വരിച്ചുവെന്ന് ജനം ജൽപിച്ചിരിക്കുന്നു. അവനോ, അതീവ പരിശുദ്ധൻ! തന്നിൽതന്നെ സമ്പൂർണനാണവൻ. ആകാശ ഭൂമികളിലുള്ളതൊക്കെയും അവന്റേതാകുന്നു. നിങ്ങളുടെ ഈ വാദത്തിന് യാതൊരു പ്രമാണവുമില്ല. അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ ജൽപിക്കുകയോ?!

69 പ്രവാചകൻ ഇക്കൂട്ടരെ ഉദ്ബോധിപ്പിക്കുക: അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ ഒരിക്കലും സാഫല്യം നേടാൻ പോകുന്നില്ല.

وَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّ ٱلْعِزَّةَ لِلَّهِ جَمِيعًا ۚ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦٥﴾

أَلَآ إِنَّ لِلَّهِ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ ۗ وَمَا يَتَّبِعُ ٱلَّذِينَ

يَدْعُونَ مِن دُونِ ٱللَّهِ شُرَكَآءَ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ هُمْ إِلَّا

يَخْرُصُونَ ﴿٦٦﴾

هُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ

فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَسْمَعُونَ ﴿٦٧﴾

قَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَٰنَهُۥ ۖ هُوَ ٱلْغَنِىُّ ۖ لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى

ٱلْأَرْضِ ۚ إِنْ عِندَكُم مِّن سُلْطَٰنٍۭ بِهَٰذَآ ۚ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ

﴿٦٨﴾

قُلْ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا يُفْلِحُونَ ﴿٦٩﴾

وَلَا يَحْزُنكَ = (പ്രവാചകാ)നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ(ദുഃഖിക്കരുത്)

قَوْلُهُمْ = അവരുടെ(ഈ ജനത്തിന്റെ)വാക്ക് (വർത്തമാനം കേട്ട്) إِنَّ ٱلْعِزَّةَ = തീർച്ചയായും പ്രതാപം

لِلَّهِ = അല്ലാഹുവിന്നു മാത്രമാകുന്നു جَمِيعًا = മുഴുവൻ, ഒക്കെയും هُوَ = അവൻ ٱلسَّمِيعُ = എല്ലാം കേൾക്കുന്നവനാകുന്നു

ٱلْعَلِيمُ = സർവജ്ഞനായ أَلَآ = അറിയുവിൻ إِنَّ لِلَّهِ = തീർച്ചയായും അല്ലാഹുവിന്ന് ഉള്ളത്(അല്ലാഹുവിന്റെ അടിമകൾ) ആകുന്നു

مَن فِى ٱلسَّمَٰوَٰتِ = ആകാശങ്ങളിൽ ഉള്ളവർ وَمَن فِى ٱلْأَرْضِ = ഭൂമിയിലുള്ളവരും(ഒക്കെയും) وَمَا يَتَّبِعُ = പിന്തുടരുന്നില്ല

ٱلَّذِينَ يَدْعُونَ = വിളിച്ചു പ്രാർഥിക്കുന്നവർ مِن دُونِ ٱللَّهِ = അല്ലാഹുവിനെ കൂടാതെ (അല്ലാഹുവല്ലാത്തവരെ)

شُرَكَآءَ= (അവന്റെ) പങ്കാളികളെ إِن يَتَّبِعُونَ= അവർ പിന്തുടരുന്നില്ല(രുന്നത്)

إِلَّا ٱلظَّنَّ= ഭാവനയെയല്ലാതെ(കേവലം ഭാവനകളെയാകുന്നു)

وَإِنْ هُمْ إِلَّا يَخْرُصُونَ= (സങ്കൽപങ്ങൾ മെനയുക മാത്രമാണവർ) അവർ മതിക്കുകയല്ലാതെയല്ല هُوَ= അവൻ(ആകുന്നു)

ٱلَّذِى جَعَلَ= നിശ്ചയിച്ചു തന്ന(ത്)വൻ لَكُمُ= നിങ്ങൾക്ക് ٱلَّيْلَ= രാവിനെ لِتَسْكُنُوا۟= (ശാന്തിനേടാൻ) നിങ്ങൾ അടങ്ങാൻ

فِيهِ= അതിൽ وَٱلنَّهَارَ= പകലിനെ مُبْصِرًا= (കാഴ്ചനൽകാനും) കാണുന്നതായും إِنَّ فِى ذَٰلِكَ= അതിൽ ഉണ്ട് തീർച്ചയായും

لَءَايَٰتٍ= ദൃഷ്ടാന്തങ്ങൾതന്നെ لِّقَوْمٍ= ജനത്തിന് يَسْمَعُونَ= കേൾക്കുന്നവരായ (ശ്രദ്ധിച്ചു)

قَالُوا۟= അവർ പറഞ്ഞു(ജനം ജൽപിച്ചിരിക്കുന്നു) ٱتَّخَذَ ٱللَّهُ= (വരിച്ചുവെന്ന്) അല്ലാഹു എടുത്തു وَلَدًا= സന്തതികളെ, പുത്രനെ

سُبْحَٰنَهُۥ= അവനോ, അതീവ പരിശുദ്ധൻ هُوَ= (ആകുന്നു) അവൻ

ٱلْغَنِىُّ= (തന്നിൽതന്നെ സമ്പൂർണനൻ) എല്ലാ നിലയിലും ധന്യൻ, പരാശ്രയം വേണ്ടാത്തവൻ

لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ= ആകാശഭൂമികളിലുള്ളതൊക്കെയും അവന്റേതാകുന്നു إِنْ عِندَكُم= നിങ്ങളുടെ പക്കലില്ല

مِّن سُلْطَٰنٍ= (യാതൊരു പ്രമാണവും) പ്രമാണത്തിൽനിന്ന് بِهَٰذَآ= (നിങ്ങളുടെ ഈ വാദത്തിന്) ഇതിന്

أَتَقُولُونَ= (ജൽപിക്കുകയോ) നിങ്ങൾ പറയുന്നുവോ عَلَى ٱللَّهِ= അല്ലാഹുവിന്റെ പേരിൽ

مَا لَا تَعْلَمُونَ= നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത(കാര്യങ്ങൾ)ത് قُلْ= (പ്രവാചകൻ ഇക്കൂട്ടരെ ഉൽബോധിപ്പിക്കുക) നീ പറയുക

إِنَّ ٱلَّذِينَ يَفْتَرُونَ= കെട്ടിച്ചമക്കുന്നവർ عَلَى ٱللَّهِ= അല്ലാഹുവിന്റെ പേരിൽ ٱلْكَذِبَ= കള്ളം

لَا يُفْلِحُونَ= (ഒരിക്കലും ജീവിത സാഫല്യം നേടാൻ പോകുന്നില്ല) അവർ വിജയിക്കുകയില്ല

**65:** قَوْلُهُمْ (അവരുടെ വർത്തമാനം) എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമിനെയും അതിന്റെ പ്രവാചകനെയും നിന്ദിച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും അവിശ്വാസികൾ പറഞ്ഞു പരത്തിയിരുന്ന വർത്തമാനങ്ങളാണ്. സൂറ *ഹൂദ്* 12-ാം സൂക്തത്തിൽ അതിന്റെ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുന്നുണ്ട്:

فَلَعَلَّكَ تَارِكٌۢ بَعْضَ مَا يُوحَىٰٓ إِلَيْكَ وَضَآئِقٌۢ بِهِۦ صَدْرُكَ
أَن يَقُولُوا۟ لَوْلَآ أُنزِلَ عَلَيْهِ كَنزٌ أَوْ جَآءَ مَعَهُۥ مَلَكٌ ۚ إِنَّمَآ أَنتَ نَذِيرٌ ۚ
وَٱللَّهُ عَلَىٰ كُلِّ شَىْءٍ وَكِيلٌ

(പ്രവാചകാ, നിനക്കു ലഭിക്കുന്ന വെളിപാടുകളിൽ യാതൊന്നും വിട്ടുകളയേണ്ടതില്ല. ഇയാൾക്ക് ഒരു ഖജനാവ് ഇറങ്ങിവരാത്തതെന്ത് എന്നോ, ഇയാളോടൊപ്പം മലക്ക് വരാത്തതെന്ത് എന്നോ അവർ പരിഹസിക്കുന്നതിൽ മനസ്സ് മുട്ടേണ്ടതുമില്ല. നീ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. ശേഷം കാര്യങ്ങൾക്കെല്ലാം ഉത്തരവാദപ്പെട്ടവൻ അല്ലാഹുവത്രെ).

മുസ്‌ലിംകൾ വളരെ ദുരിതപൂർണമായ സാഹചര്യത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോഴാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. ഈ അവസ്ഥയിൽ മുൻ സൂക്തത്തിൽ നൽകിയതുപോലുള്ള, മുത്തഖികളായ സത്യവിശ്വാസികൾ ഇഹത്തിലും പരത്തിലും വിജയിക്കാൻ പോകുന്നു എന്ന മട്ടിലുള്ള സുവിശേഷങ്ങൾ അവിശ്വാസികൾക്ക് വലിയ പരിഹാസ വിഷയം തന്നെയായിരുന്നു. അവർ ഇങ്ങനെ പരിഹസിച്ചിട്ടുണ്ടാവണം: ഈ പുതിയ മതം തലക്കുപിടിച്ചവരുടെ ഒരു പൂതി കേട്ടോ! വിശപ്പടക്കാനുള്ള ഭക്ഷണമോ മാന്യമായി നഗ്നത മറയ്ക്കാനുള്ള വസ്ത്രമോ പോലും കൈയിലില്ലാതെ വലയുകയാണവർ. പക്ഷേ, അപ്പോഴും സ്വപ്നം കാണുന്നതോ, അവരുടെ മതം ലോകം മുഴുവൻ പ്രചരിക്കുന്നതും ജനതകളും രാജ്യങ്ങളും അവരുടെ അധീനത്തിൽ വരുന്നതും! ഈ പശ്ചാത്തലത്തിൽ അല്ലാഹു പ്രവാചകനെയും ശിഷ്യന്മാരെയും സമാശ്വസിപ്പിക്കുകയാണ്: അവരുടെ പുഛവും പരിഹാസവും കേട്ട് മനസ്സു പുണ്ണാക്കേണ്ട. അല്ലാഹു നൽകിയ സുവിശേഷങ്ങൾ യാഥാർഥ്യമായിത്തീരുക തന്നെ ചെയ്യും. സകലവിധ പ്രതാപങ്ങളുടെയും യഥാർഥ ഉടമ അല്ലാഹുവാകുന്നു. ഈ ലോകത്ത് ആർക്ക് എന്ത് സൗഭാഗ്യം ലഭിച്ചിട്ടുണ്ടെങ്കിലും അത് അല്ലാഹു നൽകിയതാണ്. ഇനി നിങ്ങളെ ശക്തരും പ്രതാപികളും ജേതാക്കളുമാക്കാൻ തീരുമാനിച്ചിരിക്കുകയാണവൻ. അവന്റെ തീരുമാനം റദ്ദാക്കാൻ കഴിയുന്നവരാരുമില്ല. സൂക്താന്ത്യത്തിൽ അല്ലാഹുവിന്റെ കേൾവിയും സർവജ്ഞതയും പരാമർശിച്ചതിന്റെ താൽപര്യമിതാണ്: പ്രവാചകനും ശിഷ്യന്മാരും സർവസ്വം അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് സഹനത്തോടും സ്ഥൈര്യത്തോടും സ്വന്തം ദൗത്യവുമായി മുന്നോട്ടു പോകണം. അവിശ്വാസികളുടെ പുഛവും പരിഹാസവുമൊക്കെ അല്ലാഹു കേൾക്കുന്നുണ്ട്. അവരുടെ പ്രയത്നങ്ങളും പ്രയാസങ്ങളും അവൻ കാണുന്നുമുണ്ട്. അതൊന്നും വൃഥാവിലാവില്ല. ഓരോന്നിന്റെയും ഫലം അതിന്റെ സന്ദർഭത്തിൽ പ്രത്യക്ഷപ്പെട്ടുകൊള്ളും.

**66:** പ്രഭാഷണം ബഹുദൈവവിശ്വാസത്തിന്റെ അർഥശൂന്യതയിലേക്കും ഏകദൈവത്വത്തിന്റെ യാഥാർഥ്യത്തിലേക്കും തിരിയുകയാണിവിടെ. അല്ലാഹുവിനെ കൂടാതെ തങ്ങൾ ആരാധിക്കുന്നവർ ദിവ്യത്വത്തിന്റെ കഴിവുകളിലും അധികാരങ്ങളിലും പങ്കുള്ളവരാണെന്നും അവരനുശാസിച്ച ധർമങ്ങൾ പിന്തുടന്ന് ജീവിതം നയിക്കുകയാണ് തങ്ങളെന്നുമാണല്ലോ വിഗ്രഹാരാധകരുടെ നിലപാട്. ഈ നിലപാടിനെ ഖണ്ഡിച്ചുകൊണ്ട് പറയുകയാണ്: ഇക്കൂട്ടർ അവകാശപ്പെടുന്നതുപോലെ അവരുടെ ആരാധ്യർ ദിവ്യത്വത്തിൽ പങ്കുള്ളവരാവണമെങ്കിൽ അവർ ആരുടെയും ആശ്രയം ആവശ്യമില്ലാത്തവരും സ്വതന്ത്രവും സ്വയം സമ്പൂർണവുമായ കഴിവുകളും അധികാരങ്ങളുമുള്ള അസ്തിത്വങ്ങളായിരിക്കണം. എന്നാൽ ഈ പ്രപഞ്ചത്തിലുള്ള അല്ലാഹുവല്ലാത്ത സകലരും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാകുന്നു. ഭൂമിയിലുള്ള മനുഷ്യരാകട്ടെ, തിര്യക്കുകളാകട്ടെ, മറ്റസ്തിത്വങ്ങളാകട്ടെ, വാനലോകത്തുള്ള മലക്കുകളാകട്ടെ, ജിന്നുകളാകട്ടെ, ചെകു

ത്താന്മാരാകട്ടെ എല്ലാം അല്ലാഹുവിനാൽ സൃഷ്ടിക്കപ്പെട്ടവരും അവന്റെ ഉടമസ്ഥതയിലുള്ളവരുമാണ്. ഇവരിലാരെങ്കിലും സ്വയം ഉളവായവരാണെന്നതിനോ സ്വതന്ത്രമായ കഴിവുകളും അധികാരമുള്ളവനാണെന്നതിനോ അവരുടെ പക്കൽ യാതൊരു തെളിവുമില്ല. അതിനാൽ അവരാരും ദൈവങ്ങളോ ആരാധ്യരോ ആവുക സാധ്യമല്ല. ദിവ്യത്വത്തിന്റെ പങ്കാളികളെയൊന്നും അവൻ പിന്തുടരുന്നുമില്ല. കാരണം ദിവ്യത്വം പരിപൂർണമായും അല്ലാഹുവിന്റേത്, സാക്ഷാൽ ദൈവത്തിന്റേത് ആകുന്നു. അവനല്ലാത്ത ആർക്കും അതിൽ ഒരു പങ്കുമില്ല; ഉണ്ടാവുക സാധ്യവുമല്ല.

وَمَا يَتَّبِعُ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ شُرَكَآءَ എന്ന വാക്യത്തിന് പണ്ഡിതന്മാർ മൂന്നുവിധത്തിൽ അർഥം കൽപിച്ചിട്ടുണ്ട്. ഒന്ന്, وَمَا يَتَّبِعُ വിലെ مَا ശബ്ദം الذى (യാതൊന്നും) എന്ന അർഥത്തിലെടുത്തുകൊണ്ടാണ്. അതിനെ ആദ്യം പറഞ്ഞ مَن (യാതൊരുത്തർ) എന്നതിനോടു وَ കൊണ്ട് സമാസിച്ചിരിക്കുകയാണ്. അപ്പോൾ അർഥം, 'ആകാശഭൂമികളിലുള്ളവരും അല്ലാഹുവിനെ കൂടാതെ അവന്റെ പങ്കാളികളായി അവർ വിളിച്ചു പ്രാർഥിക്കുന്നവരും അല്ലാഹുവിന്റെ അടിമകളാകുന്നു' എന്നാകുന്നു. مَاയെ ചോദ്യസൂചകമായി എടുത്തുകൊണ്ടാണ് രണ്ടാമത്തെ അർഥകൽപന. അതായത്, 'അല്ലാഹുവിനെക്കൂടാതുള്ള ദൈവങ്ങളെ പ്രാർഥിക്കുന്നവർ പിന്തുടരുന്നതെന്തിനെയാണ്?' അവർ പിന്തുടരുന്നത് കേവലം മിഥ്യയെയാകുന്നു എന്നാണ് താൽപര്യം. مَا യെ നിഷേധാർഥത്തിലെടുത്തുകൊണ്ടാണ് മൂന്നാമത്തെ അർഥകൽപന. കൂടുതൽ പ്രകടമായ ഈ അർഥമാണ് തർജമയിൽ സ്വീകരിച്ചിട്ടുള്ളത്. മൂന്നർഥങ്ങളിൽ ഏതു സ്വീകരിച്ചാലും വാക്യത്തിന്റെ സാരം ഒന്നുതന്നെയാണ്.

ദൈവങ്ങളെന്ന പേരിൽ വിഗ്രഹാരാധകർ ആരാധിച്ചുകൊണ്ടിരിക്കുന്നത് അവരുടെ ഭാവനകളെ മാത്രമാണ്. ആ ഭാവനകൾക്കൊന്നും യാതൊരു യാഥാർഥ്യവുമില്ല. സ്വന്തം ഭാവനകൾകൊണ്ട് ദൈവങ്ങളെ സൃഷ്ടിക്കുകയാണവർ ചെയ്യുന്നത്. وَإِنْ هُمْ إِلَّا يَخْرُصُونَ എന്നാണ് മൂലവാക്യം. خَرْص എന്ന മൂലത്തിൽനിന്നുള്ള പ്രഥമപുരുഷ വർത്തമാനക്രിയയാണ് يَخْرُصُونَ. വസ്തുക്കൾ തൂക്കുകയോ അളക്കുകയോ ചെയ്യാതെ പരിമാണം മതിക്കുകയും അളവും ഗുണവും പരിശോധിക്കാതെ വിലമതിക്കുകയുമൊക്കെയാണ് خرصന്റെ മൗലികമായ അർഥം. തെളിവില്ലാതെ നിഗമനങ്ങൾ കരുപ്പിടിപ്പിക്കുക എന്ന് പ്രയോഗാർഥം.

**67:** മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനോപാധികളായ രാപ്പകലുകൾ, വായു, വെള്ളം തുടങ്ങിയ പ്രതിഭാസങ്ങളൊന്നും ഒരുക്കിക്കൊടുക്കുന്നത് ഈ കൃത്രിമ ദൈവങ്ങളല്ല. അതൊന്നും അവയിൽനിന്ന് പ്രതീക്ഷിക്കുകയും വേണ്ട. മനുഷ്യർക്ക് ശാന്തമായി വിശ്രമിക്കാനും സുഷുപ്തി കൊള്ളാനും പറ്റിയവണ്ണം രാവിനെ സംവിധാനിച്ചു തന്നത് അല്ലാഹുവാണ്. ചിലയാളുകൾ പകൽ സമയത്തും ഉറങ്ങുകയും വിശ്രമിക്കുകയും ചെയ്യാറുണ്ട്. എങ്കിലും അതിന് അനുയോജ്യമായ സമയം പകലല്ല; രാത്രിയാണ് എന്ന് എല്ലാവർക്കുമറിയാം.

خلق لكم اليل നിങ്ങൾക്ക് രാവിനെ സൃഷ്ടിച്ചു തന്നു എന്നു പറയുന്നതിനു പകരമാണ് جَعَلَ لَكُمُ ٱلَّيْلَ എന്നു പറഞ്ഞിരിക്കുന്നത്. خلقയും جَعَلَയും തമ്മിൽ ആശയത്തിൽ വ്യത്യാസമുണ്ട്. ഒരു വസ്തുവിനെ മൗലികമായി നിർമിക്കുകയാണ് خلق. സൃഷ്ടിക്കപ്പെട്ട അടിസ്ഥാന വസ്തുവിന് രൂപങ്ങൾ നൽകുന്നതും അതിനെ വിവിധ സ്വഭാവങ്ങളും ധർമങ്ങളും വിധിക്കുന്നതും جَعل ആണ്. ഉദാഹരണമായി സൂറ *അൽഫുർഖാൻ* 54-ാം സൂക്തത്തിൽ പറയുന്നു: وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا (ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും എന്നിട്ടവനിൽ വംശവും വൈവാഹികവുമായ രണ്ടു ബന്ധം ഉണ്ടാക്കുകയും ചെയ്തത് അവനാകുന്നു). അതുപോലെ സമയത്തെ സൃഷ്ടിച്ച അവൻ അതിനെ വ്യത്യസ്ത ധർമങ്ങളുള്ള രണ്ട് ഭാഗമാക്കി തിരിച്ചു എന്നാണിവിടെ സൂചിപ്പിക്കുന്നത്.

പകലിനെ വെളിച്ചമുള്ളത് അല്ലെങ്കിൽ കാണപ്പെടുന്നത് ആക്കി എന്ന് പറയാതെ കാണിക്കുന്നത്, കാഴ്ച നൽകുന്നത് -مُبْصِرة- ആക്കി എന്നു പറഞ്ഞതും അർഥവത്താകുന്നു. കാഴ്ചയുടെ കർതൃത്വം കണ്ണിനല്ല, പ്രകാശത്തിനാണ് എന്നാണതിന്റെ സൂചന. കണ്ണിൽനിന്നു പുറപ്പെടുന്ന കിരണം വസ്തുക്കളിൽ പതിക്കുമ്പോഴാണ് അവ കാണപ്പെടുന്നത് എന്നായിരുന്നു പൂർവകാല വിശ്വാസം. ഹസനുബ്നുൽ ഹൈഥം എന്ന മുസ്‌ലിം ശാസ്ത്രജ്ഞൻ തന്റെ പരീക്ഷണങ്ങളിലൂടെ ഈ വിശ്വാസം തെറ്റാണെന്നു തെളിയിക്കുകയുണ്ടായി. വസ്തുക്കളിൽനിന്നുള്ള പ്രകാശം കണ്ണിൽ പ്രതിഫലിക്കുമ്പോഴാണ് കാഴ്ചയുണ്ടാകുന്നതെന്ന് അദ്ദേഹം സമർഥിച്ചു. കണ്ണിൽനിന്ന് വസ്തുക്കളിലെത്തുന്ന പ്രകാശ കിരണങ്ങളാണ് കാഴ്ചയുണ്ടാക്കുന്നതെങ്കിൽ ഇരുട്ടിൽ നിൽക്കുന്നവർക്ക് വെളിച്ചത്തിലുള്ള വസ്തുക്കൾ കാണാൻ കഴിയുമായിരുന്നില്ല. والنّهار مبصرة എന്ന പരാമർശത്തിലൂടെ ഖുർആൻ ഹസനുബ്നുൽ ഹൈഥമിന്റെ കണ്ടെത്തലിനെ സാധൂകരിച്ചിരിക്കുകയാണ്. സൂര്യൻ വസ്തുക്കളിൽ ചൊരിയുന്ന വെളിച്ചം ജീവികളുടെ കണ്ണുകളിൽ പ്രതിഫലിക്കുമ്പോഴാണ് അവ കാണപ്പെടുന്നത്.

രാപ്പകലുകളുടെ ഈ ക്രമീകരണത്തിൽ അല്ലാഹുവിന്റെ ഏകത്വത്തെയും സൃഷ്ടിവൈഭവത്തെയും പ്രഖ്യാപനം ചെയ്യുന്ന നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. ഭൂമിയെ മനുഷ്യവാസയോഗ്യമാക്കുന്ന ഈ ക്രമീകരണത്തിലടങ്ങിയ യുക്തിയും ആസൂത്രണവും തന്നെയാണ് ഒന്നാമത്തെ ദൃഷ്ടാന്തം. രാപ്പകലുകളുടെ ക്രമം ഇങ്ങനെയല്ലായിരുന്നുവെങ്കിൽ ഭൂമി മനുഷ്യവാസയോഗ്യമാകുമായിരുന്നില്ല. വൈവിധ്യമാർന്ന പ്രതിഭാസങ്ങളെ സുവ്യക്തവും ദൃഢവുമായ ഏകലക്ഷ്യത്തിലേക്കുന്മുഖമാക്കി വിന്യസിക്കാൻ ഏകനും സർവജ്ഞനുമായ ഒരസ്തിത്വത്തിനല്ലാതെ കഴിയില്ല. ഇതാണ് തൗഹീദിന്റെ ദൃഷ്ടാന്തം. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പരസ്പര ബന്ധവും പൂരകത്വവും ഏകമുഖത്വവും, ഈ പ്രപഞ്ചം ഏതോ യാദൃഛിക സ്ഫോടനത്തിൽനിന്നു ആകസ്മികമായി ഉളവായതോ ആരെങ്കിലും ഒരു വിനോദമായോ മായാവിലാസമായോ സൃഷ്ടിച്ചുവിട്ടതോ അല്ലെന്നും സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണ്. പ്രപഞ്ചം അന്ധമായും അലക്ഷ്യമായും ഉളവായതല്ലെങ്കിൽ അത് അലക്ഷ്യമായും അന്ധമായും ഇല്ലാതാവുകയും ഇല്ല. ഈ യാഥാർഥ്യം മരണാനന്തര ജീവിതത്തിന്റെ സാധ്യതയെ വെളിപ്പെടുത്തുന്ന ദൃഷ്ടാന്തമാകുന്നു. പ്രപഞ്ചത്തിന്റെ ഓരോ കോശത്തിലും തുടിക്കുന്ന വിധേയത്വവും നിയന്ത്രണവും അതിനു പിന്നിൽ ഒരു യജമാനനും നിയന്താവുമുണ്ടെന്നതിന്റെ ദൃഷ്ടാന്തമാകുന്നു. യജമാനത്വത്തിന്റെയും നിയന്ത്രണാധികാരത്തിന്റെയും(റുബൂബിയ്യത്ത്) അനിവാര്യ താൽപര്യമാണ് അതിനു വിധേയരാകുന്നവരുടെ മേൽ ഉത്തരവാദിത്വങ്ങൾ വന്നുചേരുക എന്നത്. തികച്ചും അനുകൂലമായ പ്രാപഞ്ചിക വ്യവസ്ഥയുടെ തണലിൽ ഇരിക്കുകയും ജീവിതം നിലനിർത്തുകയും ചെയ്യുന്നവർ ആ വ്യവസ്ഥയുടെ വിധാതാവിനോട് സ്വാഭാവികമായും കടപ്പെട്ടിരിക്കുന്നു. തനിക്കു വിധേയരായവർ ഈ കടപ്പാട് നിർവഹിച്ചുവോ എന്ന് ലക്ഷ്യബോധമുള്ള വിധാതാവ് വിചാരണ ചെയ്യുകയെന്നതും സ്വാഭാവികമാണ്. ഉത്തരവാദിത്വം പൂർത്തീകരിച്ചവർക്ക് സമ്മാനവും ഉത്തരവാദിത്വം ലംഘിച്ചവർക്ക്

ശിക്ഷയും ലഭിക്കുമ്പോഴാണ് വിചാരണ സാർഥകമാകുന്നത്. ഇങ്ങനെ രാപ്പകൽ വ്യവസ്ഥയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്നു ചിന്തിക്കുന്നവർക്ക് അതിൽ ഏകദൈവത്വത്തിന്റെയും പരലോകത്തിന്റെയും പരലോക വിചാരണയുടെയും രക്ഷാശിക്ഷകളുടെയുമെല്ലാം ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയുന്നു. ആ വിധത്തിൽ ചിന്തിക്കുന്നവരെയാണ് قَوۡمٍ يَسۡمَعُونَ കേൾക്കുന്ന ജനം എന്നു പരാമർശിച്ചിരിക്കുന്നത്. കാണുന്ന ജനത്തിന് (لقوم يبصرون) എന്നതിനു പകരം കേൾക്കുന്ന ജനത്തിന് എന്നു പറഞ്ഞത്, കാഴ്ചയെക്കാൾ വിപുലവും മൗലികവുമായ ഇന്ദ്രിയം കേൾവിയായതുകൊണ്ടാവാം. കാഴ്ച പകലിൽ അഥവാ വെളിച്ചത്തിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. കേൾവി രാവും പകലും, ഇരുട്ടിലും വെളിച്ചത്തിലും, മുന്നിൽനിന്നും പിന്നിൽനിന്നും ഒരുപോലെ അനുഭവപ്പെടുമല്ലോ.

**68–69:** ഏകവചനമായും ബഹുവചനമായും സ്ത്രീലിംഗമായും പുല്ലിംഗമായും ഉപയോഗിക്കുന്ന പദമാണ് ولد. ഏകവചനമായി ഉപയോഗിക്കുമ്പോൾ അതിന്റെ ബഹുവചനം أولاد ആകുന്നു. പുത്രൻ എന്ന അർഥത്തിലാണ് ഏകവചനമായി ഉപയോഗിക്കാറുള്ളത്. പ്രകൃത സൂക്തത്തിലെ ولدًاന്നും ചില പണ്ഡിതന്മാർ പുത്രൻ എന്ന് അർഥം കൽപിക്കുകയും ഈസാ നബി ദൈവപുത്രനാണെന്ന് വാദിക്കുന്ന ക്രൈസ്തവരെയാണ് സൂക്തം പരാമർശിക്കുന്നതെന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ സൂറ *യൂനുസ്* അവതരിച്ചത് മക്കയിലാണല്ലോ. അവിടെ ക്രൈസ്തവർ ഉണ്ടായിരുന്നില്ല. മക്കയിലുണ്ടായിരുന്നത് മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് വാദിച്ചിരുന്ന വിഗ്രഹാരാധകരാണ്. സൂക്തം പരാമർശിക്കുന്നത് അവരെയായിരിക്കാനാണ് ഏറെ സാധ്യത. അതുകണക്കിലെടുത്തുകൊണ്ടാണ് ولدًاനെ 'സന്തതികൾ' എന്ന് തർജമ ചെയ്തിരിക്കുന്നത്.

سبحان الله–سبحانه എന്നീ വാക്കുകൾ 'അല്ലാഹു അതീവ പരിശുദ്ധൻ' എന്ന അർഥത്തിലുള്ള സ്തോത്ര വചനമാണ്. എന്നാൽ സംവാദത്തിനിടയിൽ മറുകക്ഷിയുടെ വാദം വിചിത്രമാംവണ്ണം അബദ്ധജഡിലമാകുന്നു എന്നു സൂചിപ്പിക്കാനും ഈ വാക്കുകൾ ഉച്ചരിക്കാറുണ്ട്. പ്രകൃത സൂക്തത്തിലെ سُبۡحَٰنَهُۥ ഈ രണ്ടർഥത്തിലും സാധുവാകുന്നു. സ്തോത്ര വചനമായിട്ടെടുക്കുമ്പോൾ അല്ലാഹു മക്കളുണ്ടാകുന്നതിന് അതീതനും പരിശുദ്ധനുമാകുന്നു എന്ന് അർഥമാകുന്നു. കാരണം മക്കളുണ്ടാവുകയാണെങ്കിൽ അത് അവന്റെ അംശമോ അവനു തുല്യനോ സമാന്തരനോ ആയിരിക്കണം. ഇതൊന്നും ഏകനും അഖണ്ഡനും നിസ്തുലനുമായ അല്ലാഹുവിന്റെ സത്തക്ക് ചേരുന്നതല്ല. അവൻ തന്നിൽ തന്നെ സമ്പൂർണനാണ്– هُوَ ٱلۡغَنِيُّ. മക്കളെക്കൊണ്ട് പൂർത്തീകരിക്കേണ്ട യാതൊരു കുറവും അവന്റെ വാഴ്‌വിൽ ഇല്ല. പുത്രന്മാരും കളത്രങ്ങളുമൊക്കെ ആവശ്യമായി വരുന്നത് അപൂർണതയുള്ള അസ്തിത്വങ്ങൾക്കാണ്. താൻ അപൂർണനാണെന്ന ബോധത്തിൽ നിന്നാണ് മനുഷ്യനിൽ പുത്രകളത്രാദികളിൽ മോഹമുദിക്കുന്നത്. അവരിലൂടെ അപൂർണത നികത്താൻ നോക്കുകയാണവർ. പ്രായാധിക്യത്താൽ അവശനാകുമ്പോൾ തനിക്കൊരു താങ്ങും തണലുമുണ്ടാവുക എന്നതാണ് പുത്രമോഹത്തിന്റെ ഒരു പ്രചോദകം. തന്റെ മരണശേഷവും വംശപരമ്പരയിലൂടെ ഈ ലോകത്ത് തന്റെ നിലനിൽപ് തുടരാനുള്ള ആഗ്രഹവും മനുഷ്യനെ സന്തതികളിൽ തൽപരനാക്കുന്നു. അല്ലാഹുവിന് ഇപ്പറഞ്ഞ കുറവുകളൊന്നുമില്ല. പ്രപഞ്ചത്തിലുള്ള സകലതും അവന്റേത്, അവന്റെ ഉടമസ്ഥതയിലും അധീനത്തിലുമുള്ളത് ആകുന്നു. എല്ലാം അവന്റെ സൃഷ്ടികൾ. സൃഷ്ടികൾ സ്രഷ്ടാവിന്റെ പുത്രന്മാരാകുന്നില്ല; അടിമകൾ മാത്രമേ ആകൂ. ഒരുവനിൽനിന്ന് അവന്റെ അംശമായി, അവന്റെ തുല്യപ്രകൃതിയിൽ ജനിക്കുന്നവനാണ് പുത്രൻ. സൃഷ്ടിക്കുന്നവനല്ല, ജനിപ്പിക്കുന്നവനാണ് പിതാവ്. ചിലതൊക്കെ നിഷിദ്ധങ്ങളും ചിലതൊക്കെ അനുവദനീയങ്ങളുമായി ആചരിച്ചുവരുന്നത് അല്ലാഹുവിന്റെ പങ്കാളികളുടെ അനുശാസനങ്ങൾ പിന്തുടർന്നുകൊണ്ടാണെന്നും നിങ്ങൾ വെറുതെ ജൽപിക്കുകയാണ്. അല്ലാഹുവിനെ നിങ്ങൾ വേണ്ടവണ്ണം അറിഞ്ഞിട്ടില്ല. അവന്റെ ശാസനകളും വേദപ്രമാണങ്ങളും പഠിച്ചിട്ടുമില്ല. അറിവില്ലാതെ അല്ലാഹുവിന്റെ പേരിൽ ഓരോന്ന് കെട്ടിച്ചമക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. സങ്കൽപ സൃഷ്ടികളായ ബഹുദൈവങ്ങൾക്കോ അല്ലാഹുവിന്റെ പേരിൽ കൃത്രിമമായി കെട്ടിച്ചമച്ച നിയമങ്ങൾക്കോ യാതൊരു യാഥാർഥ്യവുമില്ല. സാങ്കൽപിക ദൈവങ്ങൾക്കായി നിങ്ങൾ അർപ്പിക്കുന്ന ആരാധനകളും പ്രാർഥനകളും ഒരിക്കലും സഫലമാകാൻ പോകുന്നുമില്ല.

അല്ലാഹു സന്തതികളെ സ്വീകരിച്ചിരിക്കുന്നുവെന്നും നിങ്ങൾ ഊഹിച്ചു പറയുന്നതാണ്. അതിന് ദൈവികമോ ബൗദ്ധികമോ ആയ യാതൊരു പ്രമാണവും നിങ്ങളുടെ പക്കലില്ല. മാനവമാർഗദർശനാർഥം അല്ലാഹു നിയോഗിച്ച പ്രവാചകന്മാരാരും അവരുടെ സമുദായങ്ങളെ അങ്ങനെയൊരു കാര്യം പഠിപ്പിച്ചിട്ടില്ല. സത്യത്തിന്റെയും ധർമത്തിന്റെ അടിയാധാരങ്ങളായി അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ അതിനെ സാധൂകരിക്കുന്ന പ്രമാണങ്ങളുമില്ല. മനുഷ്യന്റെ സാമാന്യബുദ്ധിയും ഈ ആശയത്തെ അംഗീകരിക്കുകയില്ല. لَا يُفۡلِحُونَ എന്ന മൂലവാക്ക് വിളവെടുപ്പ്, പ്രയത്നത്തിന്റെ സാഫല്യം, വിജയകരമായ പര്യവസാനം എന്നൊക്കെ അർഥമുള്ള فلاحൽ നിന്നുള്ളതാകുന്നു. ■